# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 SEPTEMBER 2022


ഏവർക്കും വ്യവസായ വാണിജ്യ വകുപ്പിന്റെ ഹൃദയം നിറഞ്ഞ **ഓണാശംസകൾ**



എന്റെ സംരംഭം നാടിന്റെ അഭിമാനം

## സംരംഭക വർഷം; 145 ദിവസത്തിനുള്ളിൽ

# അര ലക്ഷം സംരംഭങ്ങൾ

സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതി ആരംഭിച്ച് നാല് മാസങ്ങൾ പിന്നിടുമ്പോൾ രജിസ്റ്റർ ചെയ്തത് അരലക്ഷം സംരംഭങ്ങൾ. 2960 കോടി രൂപയുടെ നിക്ഷേപവും 109739 തൊഴിലവസരങ്ങളുമാണ് ഈ സംരംഭങ്ങളുടെ ഭാഗമായി പുതുതായി സൃഷ്ടിക്കപ്പെട്ടത്. 2022 - 23 സംരംഭക വർഷമായി പ്രഖ്യാപിച്ചുകൊണ്ട് കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്.




'കേരളത്തിലെ നിക്ഷേപ വ്യവസായ സൗഹൃദ അന്തരീക്ഷമാണ് പുതു സംരംഭങ്ങളുടെ കടന്നു വരവോടെ വ്യക്തമാകുന്നതെ'ന്ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് പറഞ്ഞു. 'പദ്ധതിയുടെ ഭാഗമായുള്ള ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടന്നു വരികയാണ്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന സംരംഭങ്ങൾക്ക് നാല് ശതമാനം വായ്പ ലഭ്യമാക്കുന്നതിനായി പ്രത്യേക വായ്പാ പദ്ധതി ആരംഭിച്ചു. 10 ലക്ഷം രൂപ വരെ സംരംഭകർക്ക് ഈ പദ്ധതിയിലൂടെ വായ്പ ലഭ്യമാകും. ഇതിനോടകം 403 തദ്ദേശസ്ഥാപനങ്ങളിൽ നടത്തപ്പെട്ട വായ്പാമേളകളിലൂടെ ലഭിച്ച അപേക്ഷകളിൽ 9.5 കോടി രൂപയുടെ വായ്പകൾ അനുവദിച്ചു. ഇതിനൊപ്പം 1326 ലൈസൻസുകൾ അനുവദിക്കുകയും 847 സബ്സിഡി അപേക്ഷകൾ പരിഗണിക്കുകയും ചെയ്തതായി' ബഹു. മന്ത്രി അറിയിച്ചു.

'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One Local body One Product-OLOP) എന്ന ആശയം നടപ്പിലാക്കാനും പ്രസ്തുത ഉൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരികയാണ്. കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി കണ്ടെത്തുന്നതിനായി Open Network for Digital Commerce (ONDC) യുമായി ചേർന്ന് ഒരു ഓപ്പൺ നെറ്റ്‌വർക്ക് പ്ലാറ്റ്ഫോം നിർമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും' ബഹു. മന്ത്രി പറഞ്ഞു.

തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണതോടെയാണ് വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സംരംഭക വർഷം പദ്ധതി മുന്നോട്ട് കുതിക്കുന്നത്. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാനത്ത് തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫെഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിലും ഹെൽപ് ഡെസ്ക്കുകളിലും ഈ ഇന്റേണുകളുടെ സേവനം ലഭ്യമാക്കും. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹെൽപ് ഡെസ്ക്ക് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സണ്മാരെയും നിയമിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| തിരുവനന്തപുരം | 4745 | തൃശ്ശൂർ | 4558 |
| കൊല്ലം | 4663 | പാലക്കാട് | 4752 |
| പത്തനംതിട്ട | 1932 | മലപ്പുറം | 5741 |
| ആലപ്പുഴ | 3689 | കോഴിക്കോട് | 4367 |
| കോട്ടയം | 3136 | വയനാട് | 1339 |
| ഇടുക്കി | 1238 | കണ്ണൂർ | 3412 |
| എറണാകുളം | 5260 | കാസർഗോഡ് | 1533 |

**ആകെ 50365* സംരംഭങ്ങൾ**

*26/08/2022വരെയുള്ള സ്ഥിതിവിവര കണക്കുകൾ അനുസരിച്ച്

# കൈത്തറി ചെറുകിട വ്യവസായ ഉൽപ്പന്ന പ്രദർശന വിപണന മേളക്ക് തിരി തെളിഞ്ഞു

ഓണാഘോഷങ്ങളോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ കൈത്തറി നെയ്ത്തു വ്യവസായ ശാലകളിൽ നെയ്തെടുത്ത വസ്ത്രങ്ങളുടേയും സംരംഭകരുടെ ഉൽപ്പന്നങ്ങളുടേയും വിപുലമായ ശേഖരം ഒരുക്കിക്കൊണ്ട് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കൈത്തറി ഡയറക്ടറേറ്റും, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രവും സംയുക്തമായി എറണാകുളം ശിവക്ഷേത്ര മൈതാനിയിൽ 2022 ആഗസ്റ്റ് 27 മുതൽ സെപ്റ്റംബർ 9 വരെ കൈത്തറി ചെറുകിട വ്യവസായ ഉൽപ്പന്ന പ്രദർശന വിപണന മേള ഒരുക്കിയിരിക്കുന്നു. ഈ മേളയുടെ ഭാഗമായി കൈത്തറി, സൂക്ഷമ ചെറുകിട സംരംഭങ്ങളുടെ 46 സ്റ്റാളുകളാണ് ഒരുക്കിയിരിക്കുന്നത്. കൈത്തറി ഉൽപ്പന്നങ്ങൾ, ഭക്ഷ്യ ഉൽപ്പന്നങ്ങൾ, ഗാർമെന്റ്സ്, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, കരകൗശല ഉൽപ്പന്നങ്ങൾ, ഹെർബൽ കോസ്മെറ്റിക്ക് ഉൽപ്പന്നങ്ങൾ എന്നിവ പ്രദർശന വിപണനത്തിനായി ഒരുക്കിയിട്ടുണ്ട്.

മേളയുടെ ഉദ്ഘാടനം 2022 ആഗസ്റ്റ് 27 ന് ബഹുമാനപ്പെട്ട നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിച്ചു. പ്രസ്തുത പരിപാടിയിൽ ബഹുമാനപ്പെട്ട എറണാകുളം എം.എൽ.എ ശ്രീ. ടി. ജെ. വിനോദ് അധ്യക്ഷത വഹിക്കുകയും ബഹുമാനപ്പെട്ട കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം. അനിൽ കുമാർ മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു. ആദ്യ വിൽപ്പന കൊച്ചി കോർപ്പറേഷൻ കൗൺസിലർ ശ്രീമതി. പത്മജ.എസ്.മേനോൻ നിർവ്വഹിച്ചു. ശ്രീ. കെ.പി. സദാനന്ദൻ, ശ്രീ.ബേബി, ശ്രീ. ബാലകൃഷ്ണൻ എന്നിവർ ആശംസകൾ അർപ്പിച്ചു. എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സ്വാഗതം ആശംസിക്കുകയും എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ശ്രീമതി ആർ.രമ കൃതജ്ഞത പറയുകയും ചെയ്തു.






# ഉദ്യം രജിസ്ട്രേഷൻ എങ്ങനെ..?

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ഇനി ''ഉദ്യം" രജിസ്ട്രേഷൻ വേണം. ഉദ്യം രജിസ്ട്രേഷൻ സൗജന്യമായാണ് ഒരുക്കിയിരിക്കുന്നത്. സംരംഭം തുടങ്ങുന്ന ഏതൊരു വ്യക്തിക്കും https://udyamregistration.gov.in എന്ന പോർട്ടൽ വഴി ഉദ്യം രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. രജിസ്ട്രേഷന് പാൻ, ആധാർ, ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ, ബാങ്ക് അകൗണ്ട് നമ്പർ എന്നിവ നിർബന്ധമാണ്.

ഉദ്യം രജിസ്റ്റർ ചെയ്തിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് സബ്സിഡികൾ, ലോൺ അപ്രൂവലുകൾ, തുടങ്ങിയ സർക്കാർ സ്കീമുകൾ അവതരിപ്പിക്കുന്ന നിരവധി ആനുകൂല്യങ്ങൾ ലഭിക്കും.

ഉദ്യം രജിസ്ട്രേഷൻ പൂർണമായും പേപ്പർരഹിതമാണ്. രജിസ്ട്രേഷൻ സമയത്ത് വിവരങ്ങൾ തെറ്റായി രേഖപ്പെടുത്താനോ വിവരങ്ങൾ മനപൂർവം മറച്ചു വെക്കാനോ പാടില്ല.

## സംരംഭം തുടങ്ങാൻ പണമാണോ പ്രശ്നം...?

### സംരംഭങ്ങൾ ആരംഭിക്കുന്നതിന്

## 4% പലിശയ്ക്ക്

### വായ്പ ഒരുക്കി സംസ്ഥാന വ്യവസായ വകുപ്പ്

**വിശദ വിവരങ്ങൾക്ക് ജില്ലാ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെടുക**

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.